STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.326/PR/SPMC/PHQ/2026 Date:31.07.2026

## പത്രക്കുറിപ്പ്

# ഓപ്പറേഷൻ തൂഫാൻ:

# ആലുവ റെയിൽവേ സ്റ്റേഷനിൽ വൻ മയക്കുമരുന്ന് വേട്ട

# ഒരു കോടി രൂപയിലധികം വില വരുന്ന ഹെറോയിൻ പിടികൂടി

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി കേരള റെയിൽവേ പോലീസും റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സും ഇന്റലിജൻസ് വിഭാഗവും സംയുക്തമായി നടത്തിയ പ്രത്യേക പരിശോധനയിൽ ഒരു കോടി രൂപയിലധികം വില വരുന്ന 220 ഗ്രാം ഹെറോയിൻ പിടികൂടി.

ഇൻവെർട്ടറിനുള്ളിൽ അതിവിദഗ്ധമായി ഒളിപ്പിച്ച നിലയിലായിരുന്നു ലഹരിമരുന്ന് കണ്ടെത്തിയത്. സംഭവത്തിൽ അസം സ്വദേശികളായ നസീർ ഉദ്ദീൻ, കസ്വാർ അഹമ്മദ് മഞ്ജുദാർ എന്നിവരെ അറസ്റ്റ് ചെയ്തു. രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ കേരള റെയിൽവേ പോലീസ് സൂപ്രണ്ട് ബി. കൃഷ്ണകുമാറിന്റെ നേതൃത്വത്തിലായിരുന്നു പരിശോധന.

പ്രതികളുടെ കൈവശമുണ്ടായിരുന്ന ഇൻവെർട്ടറിന് അസാധാരണമായി ഭാരക്കുറവ് അനുഭവപ്പെട്ടതിനാൽ, തുറന്ന് പരിശോധിച്ചപ്പോഴാണ് ഒളിപ്പിച്ച നിലയിൽ ഹെറോയിൻ കണ്ടെത്തിയത്. പിടിച്ചെടുത്ത ഹെറോയിൻ പരിശോധനയ്ക്കായി ഫോറൻസിക് ലാബോറട്ടറിയിലേക്ക് അയക്കും.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി റെയിൽവേ യാത്രക്കാരുടെയും പൊതുജനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിനും റെയിൽവേ പരിസരങ്ങളിലെ ലഹരിക്കടത്തും വിതരണവും തടയുന്നതിനുമായി പ്രത്യേക പരിശോധനകൾ

തുടർന്നും നടത്തുമെന്നും റെയിൽവേ പോലീസ് മേധാവി അറിയിച്ചു. ലഹരി വിപണനത്തെക്കുറിച്ചുള്ള സത്യസന്ധമായ വിവരങ്ങൾ നൽകുന്നവർക്ക് പാരിതോഷികം നൽകുമെന്നും അദ്ദേഹം അറിയിച്ചു. ലഹരി വിപണനത്തെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ടും (9846200100) വാട്സ്ആപ്പ് (9497935859) മുഖേനയും റെയിൽവേ പോലീസിനെ അറിയിക്കാം.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ് മീഡിയ സെൻറർ

*****************************************************